Break the Chain

150 YEARS OF CELEBRATING

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :09/06/2020
Email -swdkerala@gmail.com
Phone : 0471 - 2306040

## സർക്കുലർ

വിഷയം: സാ.നീ.വ - ജീവനക്കാര്യം- കോവിഡ്- 19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ - വകുപ്പിലെ ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനം സംബന്ധിച്ച് മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

പരാമർശം: സ.ഉ.(കൈ).നം.112/2020/പൊ.ഭ.വ തീയതി 07/06/2020

കോവിഡ്-19 നിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് പുതുക്കിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് സർക്കാർ പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ എല്ലാ ജീവനക്കാരും ചുവടെ പറയുന്ന മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ഹോട്ട് സ്പോട്ടുകൾ/കണ്ടെയിൻമെന്റ് സോണുകൾ ഒഴികെയുള്ള പ്രദേശങ്ങളിലെ കീഴ് കാര്യാലയങ്ങൾ പൂർണ്ണമായും തുറന്ന് പ്രവർത്തിക്കേണ്ടതും എല്ലാ ജീവനക്കാരും ജോലിക്ക് ഹാജരാകേണ്ടതുമാണ്. കണ്ടെയ്മെന്റ് സോണിൽ പ്രവർത്തിക്കുന്ന കീഴ് കാര്യാലയങ്ങളിൽ അതാത് ജില്ലയിൽ നിന്നും വരുന്ന കുറച്ച് ജീവനക്കാരെ മാത്രം ഉപയോഗിച്ച് ദൈനംദിന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
2. ഡയറക്ടറേറ്റിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ജീവനക്കാരും ജോലിക്ക് ഹാജരാകേണ്ടതാണ്. മറ്റ് ജില്ലകളിൽ നിന്നും ജോലിക്ക് ഹാജരാകാൻ കഴിയാതിരുന്നതും കളക്ടറേറ്റിലും ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് ചെയ്തിരുന്നതുമായ ജീവനക്കാർ വിടുതൽ വാങ്ങി 2 ദിവസത്തിനകം ഓഫീസുകളിൽ ഹാജരാകേണ്ടതാണ്. ഇത്തരം ജീവനക്കാരുടെ സേവനം ജില്ലയിൽ അനുപേക്ഷണീയമാണെന്ന് ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തുന്ന പക്ഷം ജീവനക്കാർക്ക് അതാത് ജില്ലകളിൽ തന്നെ തുടരാവുന്നതാണ്.
3. ഭിന്നശേഷിക്കാർ, ഗുരുതര രോഗബാധിതർ, ഓട്ടിസം/സെറിബ്രൽ പൾസി മറ്റ് മാനസികവും ശാരീരികവുമായി വെല്ലുവിളി നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾ ഒരു വയസിൽ താഴെയുള്ള കുഞ്ഞുങ്ങളുടെ അമ്മമാരായ ജീവനക്കാർ , ഏഴ് മാസം പൂർത്തിയായ ഗർഭിണികളായ ജീവനക്കാർ എന്നിവരെ ഡ്യൂട്ടിയിൽ നിന്നും പരമാവധി ഒഴിവാക്കേണ്ടതും ഇവർക്ക് "വർക്ക് ഫ്രം ഹോം" മുഖേന ജോലി ചെയ്യുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ കാര്യാലയമേധാവികൾ/ യൂണിറ്റ് ഓഫീസർമാർ ശ്രദ്ധിക്കേണ്ടതുമാണ്.
4. ആരോഗ്യപരമായും മാനസികവുമായും വെല്ലുവിളി നേരിടുന്ന ജീവനക്കാർ, അഞ്ച് വയസിൽ താഴെ മാത്രം പ്രായമുള്ള കുട്ടികളുടെ രക്ഷിതാക്കളായ ജീവനക്കാർ , 65 വയസിനുമേൽ പ്രായമുള്ള രക്ഷിതാക്കൾ ഉള്ള ജീവനക്കാർ, എന്നിവരെ പൊതുജനങ്ങളുമായി സമ്പർക്കത്തിൽ വരുന്ന ജോലികളിൽ നിന്നും ഒഴിവാക്കുവാൻ കാര്യാലയമേധാവികൾ/ യൂണിറ്റ് ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.
5. വർക്ക് ഫ്രം ഹോം നയത്തിന്റെ ഭാഗമായി VPN കണക്ഷൻ നേടിയിട്ടുള്ള എല്ലാ ജീവനക്കാരും ഇ-ഫയൽ മുഖേന ഓഫീസുകളിൽ കെട്ടികിടക്കുന്ന ഫയലുകൾ തീർപ്പാക്കുവാൻ പ്രത്യേക

പരിഗണന നൽകേണ്ടതും കാര്യാലയമേധാവികൾ/ യൂണിറ്റ് ഓഫീസർമാർ ഇക്കാര്യം പരിശോധിക്കേണ്ടതുമാണ്.

6. ഹോട്ട് സ്പോട്ടുകൾ/ കണ്ടെയിൻമെന്റ് സോൺ ആയി പ്രഖ്യാപിച്ചിട്ടുള്ള മേഖലകളിൽ താമസിക്കുന്നതും പ്രസ്തുത മേഖലകൾക്ക് പുറത്തുള്ള ഓഫീസുകളിൽ ജോലി ചെയ്യുന്നതുമായ ജീവനക്കാർ ഓഫീസുകളിൽ ഹാജരാകേണ്ടതില്ല. പ്രസ്തുത ജീവനക്കാർ താമസിക്കുന്ന സ്ഥലം ഹോട്ട്സ്പോട്ട്/ കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിക്കപ്പെട്ടിരുന്ന കാലയളവ് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ പ്രസ്തുത കാലയളവിലേക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് മേലധികാരികൾ അനുവദിക്കേണ്ടതാണ്.
7. കോവിഡ്-19 രോഗം സ്ഥിരീകരിക്കപ്പെട്ട ജീവനക്കാർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചികിത്സാ കാലയളവിലേക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് ബന്ധപ്പെട്ട മേലധികാരികൾക്ക് അനുവദിക്കാവുന്നതാണ് . ജീവനക്കാരുടെ വീട്ടുകളിൽ താമസിക്കുന്ന കുടുംബാംഗങ്ങൾക്ക് കോവിഡ് -19 സ്ഥിരീകരിച്ചാൽ പ്രസ്തുത ജീവനക്കാർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 14 ദിവസത്തേക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് ബന്ധപ്പെട്ട മേലധികാരികൾ അനുവദിക്കേണ്ടതാണ്.
8. എല്ലാ ജീവനക്കാരും പരാമർശിത സർക്കാർ ഉത്തരവിലെ മാർഗ നിർദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്. ഓഫീസുകളിൽ സന്ദർശകരെ കർശനമായും നിയന്ത്രിക്കേണ്ടതാണ്.
9. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ വരുന്ന സന്ദർശകരുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും സെക്ഷനിൽ അറിയിക്കുന്നതിനുമായി TG സെല്ലിലെ ഓഫീസ് അറ്റൻഡന്റ് , കാർത്തിക.S നെ ചുമതലപ്പെടുത്തുന്നു . ഇക്കാര്യം ബന്ധപ്പെട്ട സീറ്റിൽ അറിയിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസിൽ വച്ച് സാമൂഹ്യ അകലം പാലിച്ച് ബന്ധപ്പെട്ട സീറ്റിലെ ജീവനക്കാർ സന്ദർശകരെ കാണേണ്ടതും സംശയ നിവാരണം നടത്തേണ്ടതുമാണ്.
10. ജീവനക്കാർ ഓഫീസ് വരാന്തകളിലോ മറ്റ് പൊതു ഇടങ്ങളിലോ കൂട്ടം കൂടി നിൽക്കുകയോ കൂട്ടം കൂടിയിരുന്ന് ഭക്ഷണം കഴിക്കുകയോ മറ്റ് പ്രവർത്തികളിൽ ഏർപ്പെടുകയോ ചെയ്യുവാൻ പാടുള്ളതല്ല. എല്ലാ ജീവനക്കാരും മാസ്ക് നിർബന്ധമായും ധരിക്കേണ്ടതാണ്.
11. കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട് " ബ്രേക്ക് ദി ചെയിൻ" പരിപാടിയുടെ നടപടി ക്രമങ്ങൾ ജോലിയിടങ്ങളിലും പൊതു സ്ഥലങ്ങളിലും കൃത്യമായി പാലിക്കുന്നുണ്ടെന്ന് കാര്യാലയമേധാവികൾ/യൂണിറ്റ് ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ

വകുപ്പിലെ എല്ലാ ജീവനക്കാർക്കും

പകർപ്പ് :സ്റ്റോക്ക് ഫയൽ